"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1043/2025-ICDSB1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 16-06-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ്-പോഷകബാല്യം പദ്ധതി 2025-26 -- അങ്കണവാടികളിൽ മുട്ട, പാൽ വിതരണം-മാർഗ്ഗ നിർദേശം നല്കുന്നത് -സംബന്ധിച്ച്:-

സൂചന:-
1. 22.05.2025 ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടി കുറിപ്പ് .
2. സംസ്ഥാന സർക്കാരിന്റെ 11.06.2025 ലെ സ .ഉ.(സാധാ) 272/2025 /WCDD നമ്പർ ഉത്തരവ്.
3. സംസ്ഥാന സർക്കാരിന്റെ 30.05.2025 ലെ No.WCD-B1/200/2024 നമ്പർകത്ത്.

വനിത ശിശുവികസന വകുപ്പിനു കീഴിൽ അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അങ്കണവാടികളിൽ ആഴ്ചയിൽ 2 ദിവസം മുട്ടയും ആഴ്ചയിൽ 2 ദിവസം പാലും വിതരണം ചെയ്യുന്ന പോഷകബാല്യം പദ്ധതി 2022-23 വർഷത്തിൽ ആരംഭിച്ചു. നടപ്പ് സാമ്പത്തിക വർഷം ആഴ്ചയിൽ 3 ദിവസം പാലും ,3 ദിവസം മുട്ടയും വിതരണം ചെയ്യുന്ന രീതിയിൽ പദ്ധതി വിപുലീകരിച്ചിട്ടുണ്ട് . പദ്ധതി നടത്തിപ്പിനായി 79 കോടി 17 ലക്ഷം രൂപയുടെ ഭരണാനുമതി സംസ്ഥാന സർക്കാർ സൂചന 2 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവ് പ്രകാരം മുട്ടയുടെ വില ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 10/- രൂപയായും പാലിന്റെ വില ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 60/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തില് പോഷകബാല്യം പദ്ധതി അങ്കണവാടികളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പദ്ധതി തടസം കൂടാതെ മുന്നോട്ട് പോകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1. അങ്കണവാടികളിൽ എത്തുന്ന 3 വയസ്സ് മുതല് 6 വയസ്സ് വരെയുള്ള കുട്ടികള്ക്ക് ആഴ്ചയില് 3 ദിവസം മുട്ടയും 3 ദിവസം പാലും നൽകേണ്ടതാണ്. കുട്ടികൾക്ക് ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ ഓരോ മുട്ട വീതവും തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ 125ml അളവിൽ തിളപ്പിച്ചാറ്റിയ പാലും ഓരോ കുട്ടിക്കും നൽകേണ്ടതാണ്.

2. അങ്കണവാടി ഗുണഭോക്താക്കളുടെ എണ്ണം ALMSC(Anganwadi Level Monitoring & Supporting Committee) കൂടി തീരുമാനിക്കേണ്ടതാണ്. **സൂചന (2) സർക്കാർ ഉത്തരവിലെ നിബന്ധനക്ക് ആനുസൃതമായി അങ്കണവാടികളിൽ ഹാജരാകുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രം പദ്ധതിക്ക് ആവശ്യമായ ഫണ്ട് ആവശ്യപ്പെടുന്നെന്നും, ചെലവഴിക്കുന്നെന്നും, തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ മാത്രം വാങ്ങൽ നടപടി സ്വീകരിക്കുന്നു എന്നും ഉറപ്പാക്കേണ്ടതാണ്.**

3. പോഷകബാല്യം പദ്ധതി നടപ്പാക്കുന്നതിലെ ഫീഡിംഗ് തടസം ഒഴിവാക്കുന്നതിനും എല്ലാ അങ്കണവാടികളിലും മുട്ടയും പാലും കൃത്യമായി വിതരണം ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നതിനും കർശന നിർദേശം സൂചന (3) പ്രകാരം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. **നിർദേശാനുസരണം എല്ലാ അങ്കണവാടികളിലും പദ്ധതി തടസ്സം കൂടാതെ നടപ്പിലാകുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്. ആയതു ജില്ല തല മേധാവികൾ നിരീക്ഷിച്ച്, പദ്ധതി അവലോകനം നടത്തി ഉറപ്പാക്കേണ്ടതുമാണ്.**

4. അങ്കണവാടികളിൽ മുട്ട, പാൽ എന്നിവ വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് തലത്തിൽ അടിയന്തിരമായി **2026 മാർച്ച് 31 വരെയ്ക്കു പുതുക്കിയ നിരക്കിൽ പുതിയ tender/ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.** പുതിയ tender/ക്വട്ടേഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ പദ്ധതി തടസം കൂടാതെ നടപ്പിലാക്കുന്നതിനു നിലവിലെ tender നടപടി /ക്വട്ടേഷൻ നടപടി /മറ്റ് സംവിധാനങ്ങളിലൂടെയുള്ള നിലവിലുള്ള വാങ്ങൽ രീതി തുടരാവുന്നതാണ്.

5. ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 10/- രൂപ ആണ് ഒരു മുട്ടയുടെ വില നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിയ്ക്ക് ആവശ്യമായ മുട്ട കെപ്കോ, കുടുംബശ്രീ സംരംഭകർ, മറ്റ് പ്രാദേശിക മുട്ട വിതരണക്കാർ എന്നിവരിൽ നിന്നും സ്റ്റോർ പർച്ചേസ് റൂൾസ് പാലിച്ച് ക്വട്ടേഷൻ /ടെണ്ടർ ക്ഷണിച്ച് മേൽ പറഞ്ഞ നിരക്കിൽ വാങ്ങേണ്ടതാണ്. **ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ മാത്രം** ലോക്കൽ പർച്ചസ് സംവിധാന രീതിയിൽ വാങ്ങാവുന്നതും ഫീഡിംഗ് തടസം ഒഴിവാക്കേണ്ടതുമാണ്. **ക്വട്ടേഷൻ/ടെണ്ടർ നടപടികൾ പ്രാവർത്തികമാക്കുക വഴി ലോക്കൽ പർച്ചസ് പരമാവധി ഒഴിവാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.**

6. ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 60/- രൂപയായി ആണ് ഒരു ലിറ്റർ പാലിന്റെ വില നിശ്ചയിച്ചിട്ടുള്ളത്. അങ്കണവാടികളിൽ വിതരണത്തിന് ആവശ്യമായ പാല് മില്മയിൽ നിന്ന് വാങ്ങേണ്ടതാണ്. മില്മ പാല് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അംഗീകൃത ക്ഷീര സൊസൈറ്റികളിൽ നിന്നോ, മിൽമ പാലും ക്ഷീര സൊസൈറ്റികളും ഇല്ലാത്ത സ്ഥലങ്ങളിൽ പ്രാദേശിക ക്ഷീര കർഷകരിൽ നിന്നോ സ്റ്റോർ പർച്ചേസ് റൂൾസ് പാലിച്ച് പാൽ വാങ്ങാവുന്നതാണ്. ഇവയൊന്നും ലഭ്യമല്ലാത്ത മലയോര മേഖലകളിലും ജലഗതാഗതം ആശ്രയിക്കുന്ന പ്രദേശങ്ങൾ, ഗതാഗതസൗകര്യം കുറഞ്ഞ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ മിൽമയുടെ UHT പാൽ വിതരണം ചെയ്യാവുന്നതാണ്. ഇത്തരത്തിൽ UHT പാൽ ആവശ്യമായ പ്രോജക്ടുകൾ / പഞ്ചായത്തുകൾ/ അങ്കണവാടികളുടെ വിശദാംശങ്ങൾ രേഖാമൂലം പ്രോഗ്രാം ഓഫീസർമാർ മിൽമയ്ക്ക് നൽകേണ്ടതാണ്.

7. ഒരു കുട്ടിയ്ക്ക് ഒരു ദിവസം 125 ml എന്ന അളവിൽ ആഴ്ചയിൽ 3 ദിവസം പാൽ വിതരണം ചെയ്യേണ്ടതാണ്. ഒരു ദിവസം ഹാജരാകാത്ത കുട്ടിയുടെ പാൽ അടുത്ത ദിവസം ഉച്ച ഭക്ഷണത്തിനു തൈരായോ പുളിശ്ശേരിയായോ ഉൾപ്പെടുത്താവുന്നതാണ്.

**8. പദ്ധതിയ്ക്ക് ആവശ്യമായ പാൽ പ്രാദേശിക ക്ഷീര സൊസൈറ്റികൾ/ ക്ഷീര കർഷകർ /മറ്റ് പ്രാദേശിക പാൽ വിതരണ സംവിധാനങ്ങൾ /മിൽമ /UHT പാൽ /കുടുംബശ്രീ സംരംഭകർ എന്നിവരിൽ നിന്നും സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം ബന്ധപ്പെട്ട സൂപ്പർവൈസർമാർ ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ഒരു പഞ്ചായത്ത്/സെക്ടർ തലത്തിൽ ടെണ്ടർ ആവശ്യമായി വരുന്ന സാഹചര്യത്തിൽ മാത്രം ശിശു വികസന പദ്ധതി ഓഫീസർമാർ ടെണ്ടർ ക്ഷണിച്ച് സ്റ്റോർ പർച്ചേസ് റൂൾസ് പാലിച്ച് വാങ്ങേണ്ടതാണ്. ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ മാത്രം** ലോക്കൽ പർച്ചസ് സംവിധാന രീതിയിൽ വാങ്ങാവുന്നതും ഫീഡിംഗ് തടസം ഒഴിവാക്കേണ്ടതുമാണ്. **ക്വട്ടേഷൻ/ടെണ്ടർ നടപടികൾ പ്രാവർത്തികമാക്കുക വഴി ലോക്കൽ പർച്ചസ് പരമാവധി ഒഴിവാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.**

9. പഞ്ചായത്ത്/സെക്ടർ തലത്തിൽ അങ്കണവാടികളിൽ നിശ്ചിത ദിവസങ്ങളിൽ മുട്ട വിതരണം ചെയ്യുന്നതിനും പാൽ വിതരണം ചെയ്യുന്നതിനും പ്രത്യേകം പ്രത്യേകം ആയി സൂപ്പെർവൈസർമാർ ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ഒരു പഞ്ചായത്ത്/സെക്ടർ തലത്തിൽ ടെണ്ടർ ആവശ്യമായി വരുന്ന സാഹചര്യത്തിൽ മാത്രം ശിശു വികസനപദ്ധതി ഓഫീസർമാർ ടെണ്ടർ **ക്ഷണിക്കേണ്ടതും ടെണ്ടർ നോട്ടീസിൽ പ്രസ്തുത പഞ്ചായത്ത്/സെക്ടറിലെ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായിരിക്കുമെന്നും, ടെണ്ടർ സമർപ്പിക്കേണ്ടത് സൂപ്പെർവൈസർക്കാണെന്നും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.**

10. ടെണ്ടര് ഫോമിന്റെ വിതരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും പ്രൊജക്റ്റ് തലത്തില് ശിശു

. വികസന പദ്ധതി ഓഫീസര് സ്വീകരിക്കേണ്ടതാണ്.

11. ടെണ്ടറിനോടനുബന്ധിച്ചുള്ള ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഓഫീസ് മേലധികാരി ആയ ശിശു വികസന പദ്ധതി ഓഫീസറുടെ പേരില് എടുക്കേണ്ടതും ഓഫീസ് തലത്തില് രേഖപ്പെടുത്തലുകള് വരുത്തി ശിശു വികസന പദ്ധതി ഓഫീസര് സൂക്ഷിക്കേണ്ടതുമാണ്.

12. പഞ്ചായത്ത്/സെക്ടർ തലത്തില് ലഭ്യമാകുന്ന ക്വട്ടേഷന്/ടെണ്ടറുകള് സൂപ്പര്വൈസര്മാര് പരിശോധിച്ച് ശിശു വികസന പദ്ധതി ഓഫീസറുടെ അംഗീകാരം തേടേണ്ടതും ശിശു വികസന പദ്ധതി ഓഫീസര് കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷന് /ടെണ്ടര് അംഗീകരിച്ച് നല്കേണ്ടതുമാണ്. ക്വട്ടേഷന് / ടെണ്ടര് അംഗീകാരം നേടിയ ശേഷം സൂപ്പര്വൈസര് വർക്ക്ഓര്ഡര് പുറപ്പെടുവിച്ച് വാങ്ങല് നടപടി സ്വീകരിക്കേണ്ടതാണ് .

14. ടെണ്ടറില് പങ്കെടുക്കുന്നവരുടെ ഇ.എം.ഡി /സെക്യൂരിറ്റി ഡെപോസിറ്റ് എന്നിവ സൂപ്പര്വൈസറുടെ ശിപാര്ശയുടെ അടിസ്ഥാനത്തില് ശിശു വികസന പദ്ധതി ഓഫീസര് ടെണ്ടർർക്ക് മടക്കി നല്കേണ്ടതാണ്

15. ഒരു സൂപ്പര്വൈസര്ക്ക് ഒന്നിലധികം സെക്ടര് / പഞ്ചായത്തുകളുടെ ചുമതല യുണ്ടെങ്കില് ടി സെക്ടര് / പഞ്ചായത്തുകള്ക്ക് പ്രത്യേകം വാങ്ങല് നടപടിക്രമങ്ങള് സ്വീകരിക്കേണ്ടതാണ്. വാങ്ങല് നടപടി പൂര്ത്തീകരിച്ച സൂപ്പര്വൈസര്മാര് എല്ലാ രേഖകളും ശിശു വികസന പദ്ധതി ഓഫീസര്ക്ക് സമര്പ്പിക്കേണ്ടതാണ്.

16. **സൂപ്പര്വൈസര്മാര് ഓരോ അങ്കണവാടി സെന്ററിലെയും കുട്ടികളുടെ എണ്ണത്തിനു ആനുപാതികമായി വിതരണം ചെയ്ത മുട്ടയുടെ എണ്ണം/ പാലിന്റെ അളവ്, അനുവദിക്കേണ്ട തുക എന്നിവ പട്ടിക രൂപത്തിലാക്കി ബില്ലുകൾ സഹിതം ഓരോ മാസവും, ശിശു വികസന പദ്ധതി ഓഫീസര്ക്ക് സമര്പ്പിക്കേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർ പ്രൊജക്റ്റ് പരിധിയിലെ എല്ലാ അങ്കണവാടികളിലും പദ്ധതി തടസം കൂടാതെ നടപ്പിലാകുന്നു എന്ന് ഉറപ്പ വരുത്തി, അതാതു മാസം ചെലവായ തുക പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് പ്രോഗ്രാം ഓഫീസർമാർക്ക് അടുത്ത മാസാരംഭം തന്നെ സമർപ്പിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസര്മാര് ജില്ല തല റിവ്യൂ മീറ്റിംഗിൽ പദ്ധതി വിനിയോഗം അജണ്ട ആയി ഉൾപ്പെടുത്തി പദ്ധതി തടസം കൂടാതെ നടപ്പിലാകുന്നു എന്നും തുക അതാതു മാസം വിനിയോഗിക്കുന്നു എന്നും ഉറപ്പാക്കേണ്ടതാണ്.**

17 . മുട്ട / പാൽ വിതരണത്തിന് ഓരോ ജില്ലയ്ക്കും ആവശ്യമായ തുക (ജില്ലാ വനിത ശിശു വികസന ഓഫീസർമാർ സമർപ്പിക്കുന്ന റിക്വയർമെന്റിന്റെ അടിസ്ഥാനത്തിൽ) 2235 -02-102-22-00-34-03 (PV) എന്ന ശീര്ഷകത്തില് നിന്നും ജില്ലാ വനിതാ ശിശു വികസന ഓഫീസര്മാര്ക്ക് അനുവദിക്കുന്നതാണ്. ജില്ല വനിതാ ശിശു വികസന ഓഫീസർമാർ, ഐ സി ഡി എസുകൾക്ക് ആവശ്യമുള്ള തുക അതാതു മാസം മുൻ കൂറായി സി ഡി പി ഓ മാർക്ക് നൽകേണ്ടതും സി ഡി പി ഓ മാർ ബന്ധപ്പെട്ടവർക്ക് സമയ ബന്ധിതമായി തന്നെ തുക മാറി നൽകേണ്ടതുമാണ്.

18. സൂപ്പര്വൈസര്മാര് സമര്പ്പിക്കുന്ന ബില്ലുകളും മറ്റു രേഖകളും ശിശു വികസന പദ്ധതി ഓഫീസര്മാര് സൂക്ഷ്മപരിശോധന നടത്തേണ്ടതും തുക അനുവദിച്ച ശേഷം ബില്ലുകള് സൂക്ഷിച്ച് വയ്ക്കേണ്ടതും ഓഡിറ്റ് പരിശോധനകള്ക്ക് വിധേയമാക്കേണ്ടതുമാണ്.

19 . മുട്ട, പാൽ വിതരണവുമായി ബന്ധപ്പെട്ട് വര്ക്കര്മാര് അങ്കണവാടികളിലും, സൂപ്പർവൈസർമാർ പഞ്ചായത്ത് തലത്തിലും, ശിശു വികസന പദ്ധതി ഓഫീസര്മാര് പ്രോജക്റ്റ് തലത്തിലും പ്രത്യേക രജിസ്റ്റര് സൂക്ഷിക്കേണ്ടതാണ്. സൂപ്പര്വൈസര്മാര്/ ശിശു വികസന പദ്ധതി ഓഫീസര്മാര് പ്രസ്തുത പോഷകബാല്യം രജിസ്റ്റർ കൃത്യമായി പരിശോധിച്ച ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

20 . പോഷകബാല്യം പദ്ധതി തടസ്സമില്ലാതെ നടത്തുന്നു എന്ന് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസര്മാര് ഉറപ്പ വരുത്തേണ്ടതും ആയതു സംബന്ധിച്ച റിപ്പോര്ട്ട് ഓരോ മാസവും 15-ാം തീയതിക്കു മുന്പ് ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്:- എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും /എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
/വെബ്സൈറ്റ്/സ്റ്റോക്ക് ഫയൽ